"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - ഫിഷറീസ് ജോയിന്റ് ഡയറക്ടർ ശ്രീമതി.ബേബി ഷീജ കൊഹ്ലർ-ന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനിലെ ജനറൽ മാനേജർ തസ്തികയിലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.426/2024/F&P തീയതി,തിരുവനന്തപുരം, 29-07-2024

---

പരാമർശം:-

1. 10.05.2013-ലെ 42/2013/ധന നമ്പർ സർക്കുലർ.
2. സ.ഉ.(സാധാ) നം.592/2023/മ.തു.വ തീയതി 22/07/2023.
3. ഫിഷറീസ് ഡയറക്ടറുടെ 09/07/2024-ലെ DFTVM/2483/2024-A2 നമ്പർ കത്ത്.

**ഉത്തരവ്**

ഫിഷറീസ് വകുപ്പിലെ ജോയിന്റ് ഡയറക്ടർ ശ്രീമതി. ബേബി ഷീജ കൊഹ്ലർ-ന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനിൽ ജനറൽ മാനേജർ തസ്തികയിൽ പരാമർശം സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന അന്യത്ര സേവനത്തിന്റെ കാലാവധി നിലവിലുള്ള വ്യവസ്ഥകൾക്കും പരാമർശം സർക്കുലറിലെ നിബന്ധനകൾക്കും വിധേയമായി 31/07/2024 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

2) അന്യത്ര സേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് ദീർഘിപ്പിച്ച് ഉത്തരവ് ലഭിക്കാത്തപക്ഷം ഉദ്യോഗസ്ഥയെ യഥാസമയം വിടുതൽ ചെയ്യേണ്ടതാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കുന്നതല്ലാത്തതിനാൽ പെൻഷനോ ഇൻക്രിമെന്റിനോ കണക്കാക്കുന്നതല്ല. കൂടാതെ ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടയപ്പെടുകയും ചെയ്യും. അന്യത്ര സേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥയെ ശമ്പളവും മറ്റലവൻസുകളും കൈപ്പറ്റുന്നതിൽ നിന്നും വിലക്കേണ്ടതും അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന പക്ഷം ഉദ്യോഗസ്ഥക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ARUNIMA G

അണ്ടർ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ,
തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥയ്ക്ക് (ഫിഷറീസ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

കരുതൽ ശേഖരം.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ